**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 868** **14-10-2026-ൽ മറുപടിയ്ക്ക്**

**തലശ്ശേരി മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള ജലവിതരണ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കാരായി രാജൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** തലശ്ശേരി നിയോജക മണ്ഡലത്തിലെ തലശ്ശേരി മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള ജലവിതരണ പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടികൾ ആണ് ഉള്ളതെന്നും ആയതിന് വേണ്ടി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

**മറുപടി:**

- അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി തലശ്ശേരി മുനിസിപ്പാലിറ്റിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതും പുതിയ കണക്ഷനുകൾ നൽകുന്നതുമായി 24.64 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും, 3 പ്രവൃത്തികളിൽ 2 പ്രവൃത്തികൾ പൂർത്തീകരിക്കുകയും മൂന്നാമത്തെ പ്രവർത്തിയിൽ 5250 ഗാർഹിക കണക്ഷനുകൾ നൽകാനുള്ളതിൽ 5220 കണക്ഷനുകൾ ഇതുവരെ നൽകുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി അന്തിമഘട്ടത്തിലാണ്.
- അമൃത് 2.0 - തലശ്ശേരി മുനിസിപ്പാലിറ്റി ജലവിതരണ പദ്ധതി - കോടിയേരി (സോൺ-I), പാറാൽ (സോൺ-II) പ്രദേശങ്ങൾക്ക് മാത്രമായി കുടിവെള്ളം എത്തിക്കൽ - ബാക്കിയുള്ള വിതരണ ശൃംഖല പൈപ്പുകൾ സ്ഥാപിക്കുന്നതിനും 6000 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുമുള്ള പ്രവൃത്തിക്ക് 30 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.
- State Plan - 2024-25 - Water supply scheme to specified institutions/locations - Water supply improvements to Malabar Cancer Centre - Construction of 12.5 LL OHSR - Tsunami colony at Kodiyeri in Thalassery Municipality എന്ന പ്രസ്തുത പ്രവൃത്തിക്ക് 3 കോടിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തി 24% പൂർത്തീകരിച്ചിട്ടുണ്ട്.
- State Plan - 2024-25 - Rehabilitation/Improvement works of urban water supply scheme - Improvement of distribution network to Kodiyeri zone II - In Thalassery Municipality - സുനാമി കോളനിയിലെ 12.50 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണിയിൽ നിന്നും 300 mm വ്യാസമുള്ള 1680 മീറ്റർ പ്രധാന വിതരണ ലൈൻ സ്ഥാപിക്കലും റോഡ് റീസ്റ്റോറേഷൻ പ്രവൃത്തിയും അടങ്ങിയതാണ് ഈ പ്രവൃത്തി.

പ്രസ്തുത പ്രവൃത്തിക്ക് 3 കോടിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തി 10% പൂർത്തീകരിച്ചിട്ടുണ്ട്.

- State Plan 2025-26 - WSS to Thalassery Municipality - Providing dedicated water supply to Kodiyeri (Zone I) & Paral (Zone II) - Supplying & laying Gravity Main - Reach I - നഴ്സിംഗ് കോളേജ് മുതൽ ജെംപ്ലാസ്റ്റ് ജംഗ്ഷൻ വരെ 600mm DI പൈപ്പ് ഉപയോഗിച്ച് 1930 മീറ്റർ നീളത്തിൽ ഗ്രാവിറ്റി മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കലും റോഡ് റീസ്റ്റോറേഷൻ പ്രവൃത്തിയും അടങ്ങിയതാണ് ഈ പ്രവൃത്തി. പ്രസ്തുത പ്രവൃത്തിക്ക് 5 കോടിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവരുന്നു.
- State Plan 2025-26 - WSS to Thalassery Municipality - Providing dedicated water supply to Kodiyeri (Zone I) & Paral (Zone II) - Supplying & laying Gravity Main - Reach II - ജെംപ്ലാസ്റ്റ് ജംഗ്ഷൻ മുതൽ മോറക്കുന്നു വരെ 600mm DI പൈപ്പ് ഉപയോഗിച്ച് 2120 മീറ്റർ നീളത്തിൽ ഗ്രാവിറ്റി മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കലും റോഡ് റീസ്റ്റോറേഷൻ പ്രവൃത്തിയും അടങ്ങിയതാണ് ഈ പ്രവൃത്തി. പ്രസ്തുത പ്രവൃത്തിക്ക് 5 കോടിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവരുന്നു.
- State Plan 2025-26 - WSS to Thalassery Municipality - Water supply improvements to Malabar Cancer Centre at Kodiyeri - Construction of 3.00 LL booster sump and pump house, supplying and laying gravity main to booster at Tsunami Colony - ബൂസ്റ്റർ സംപും പമ്പ് ഹൗസും നിർമ്മിക്കുന്ന പ്രവൃത്തികൾ, കുട്ടിമാക്കൂലിൽ നിന്നും സംപിലേക്ക് 500mm DI പൈപ്പ് ഉപയോഗിച്ച് 1000 മീറ്റർ ഗ്രാവിറ്റി മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കലും റോഡ് റീസ്റ്റോറേഷൻ പ്രവൃത്തിയും അടങ്ങിയതാണ് ഈ പ്രവൃത്തി. പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവരുന്നു.
- State Plan 2026-27 - WSS to Thalassery Municipality - Providing Dedicated Water Supply to Kodiyeri (Zone I) & Paral (Zone II) - Supplying and laying pumping Main, Pump sets, Supplying and Laying Distribution network to Paral (Zone II) - Pipeline Work - സംപിൽ നിന്നും സുനാമി ടാങ്കിലേക്കുള്ള പമ്പിങ് മെയിൻ 400mm MS പൈപ്പ് ഉപയോഗിച്ച് 120 മീറ്റർ, എരഞ്ഞോളി പുഴ കുറുകെയുള്ള പൈപ്പിടൽ 630mm HDPE പൈപ്പ് ഉപയോഗിച്ച്, 90mm പി.വി.സി വിതരണ ശൃംഖല സ്ഥാപിക്കലും റോഡ് റീസ്റ്റോറേഷൻ പ്രവൃത്തിയും അടങ്ങിയതാണ് ഈ പ്രവൃത്തി. പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

**(ബി)** പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള എന്തെങ്കിലും പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ; എങ്കിൽ ആയത് എന്തൊക്കെയാണെന്നും പദ്ധതിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തലശ്ശേരി മുനിസിപ്പാലിറ്റിയിൽ മുഴുവനായും കുടിവെള്ളം വിതരണം ചെയ്യുന്നതിന് കൊടുവള്ളി, തലായി ടാങ്കുകളുടെ പുനർ നിർമ്മാണം, കാലപ്പഴക്കം ചെന്ന AC പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ, ഇപ്പോൾ നടക്കുന്ന AMRUT- ൽ ഉൾപ്പെടാത്ത ബാക്കി കണക്ഷനുകൾ

നൽകൽ, പുതുതായി പൈപ്പ്ലൈൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടപ്പാക്കേണ്ടതുണ്ട്. ഈ പ്രവൃത്തിക്ക് ഏകദേശം 45 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

**സെക്ഷൻ ഓഫീസർ**